"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.174/13 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.532/2025/LSGD**

**തീയതി, തിരുവനന്തപുരം, 22-02-2025**

---

പരാമർശം:-

1. സ.ഉ.(പി) നം.32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ.174/13 നമ്പർ കേസിന്മേലുള്ള 30/03/2019 തീയതിയിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/12/2024 തീയതിയിലെ DCTVM/10794/2024-K9 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20/01/2025 തീയതിയിലെ എ3/2143/2019/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 174/13 കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ രൂപ 36,30,538/- (മുപ്പത്തിയാറ് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (3), പരാമർശം (4) എന്നിവ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 1 (എൽ.എ.റീ.സർവ്വേ നം. 112)-ൽ ഉൾപ്പെട്ടതും ശ്രീമതി എസ്.എസ്. സുജി, ശ്രീ. എസ്. എസ്. സുജീവ്, ശ്രീമതി എസ്.എസ്. സുജ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.35 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 174/13 കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 36,30,538/- (മുപ്പത്തിയാറ് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റിമുപ്പത്തിയെട്ട് രൂപ മാത്രം) രൂപ '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ

ശ്രീമതി എസ്. എസ്. സുജി (കൈരളി ഭവൻ, പെരിങ്ങമല, പള്ളിച്ചൽ ദേശം, നെയ്യാറ്റിൻകര), ശ്രീ. എസ്. എസ്. സുജീവ് (കൈരളി ഭവൻ, പെരിങ്ങമല, പള്ളിച്ചൽ ദേശം, നെയ്യാറ്റിൻകര), ശ്രീമതി എസ്.എസ്. സുജ (കൈരളി ഭവൻ, പെരിങ്ങമല, പള്ളിച്ചൽ ദേശം, നെയ്യാറ്റിൻകര) എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി എസ്. എസ്. സുജി, കൈരളി ഭവൻ, പെരിങ്ങമല, പള്ളിച്ചൽ ദേശം, നെയ്യാറ്റിൻകര. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. എസ്. എസ്. സുജീവ്, കൈരളി ഭവൻ, പെരിങ്ങമല, പള്ളിച്ചൽ ദേശം, നെയ്യാറ്റിൻകര. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി എസ്.എസ്. സുജ, കൈരളി ഭവൻ, പെരിങ്ങമല, പള്ളിച്ചൽ ദേശം, നെയ്യാറ്റിൻകര (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/10/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 24-02-2025 13:59:03
സെക്ഷൻ ഓഫീസർ